ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**ഫിൻ.എ5/577/15/ഹ.സെ.വി** **തീയതി : 08.01.2015**

# <u>സർക്കുലർ</u>

വിഷയം: ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനായി നൽകിയ മുൻകൂർ തുക - ക്രമപ്പെടുത്തുന്നതിലേക്കായി - പ്രിൻസിപ്പൽ- കണ്ടിൻജന്റ് ബില്ലും അനുബന്ധരേഖകളും - സമയബന്ധിതമായി - ഡയറക്ടറേറ്റിലേയ്ക്ക് അയക്കുവാൻ - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

2014-ലെ ഹയർ സെക്കണ്ടറി പരീക്ഷകളോടനുബന്ധിച്ച് (മാർച്ച്, സേ, ഇംപ്രൂവ്മെന്റ്) സ്കൂൾ തലത്തിൽ ഉണ്ടാവുന്ന ചെലവുകൾ വഹിക്കുന്നതിന് പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പലിന്/ചീഫ് സൂപ്രണ്ടിന് മുൻകൂർ തുക അനുവദിച്ചു നൽകിയിരുന്നു. പരീക്ഷാവിജ്ഞാപനത്തിലും പ്രസ്തുത തുക അനുവദിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളിലും നിശ്ചിത പരീക്ഷ കഴിഞ്ഞാലുടൻ പ്രിൻസിപ്പൽ/ചീഫ് സുപ്രണ്ട് ഫോം T.R.59- ൽ തയ്യാറാക്കിയ കണ്ടിൻജന്റ് ബില്ലും അനുബന്ധവൗച്ചറുകളും കൗണ്ടർസൈൻ ചെയ്ത് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില പ്രിൻസിപ്പൽമാർ/ചീഫ് സൂപ്രണ്ടുമാർ ഈ നിർദ്ദേശം ഇനിയും പാലിച്ചുകാണുന്നില്ല. മൂന്നു പരീക്ഷ കളുടേയും ബില്ലുകൾ ഇനിയും സമർപ്പിക്കാത്ത പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരും കൂട്ടത്തിലുണ്ട്.

മാർച്ച് 2015 മുതലുള്ള ഹയർ സെക്കണ്ടറി പരീക്ഷാനടത്തിപ്പിന് പ്രിൻസിപ്പാൾ/ചീഫ് സൂപ്രണ്ടുമാർക്ക് അനുവദിക്കുന്ന മുൻകൂർ തുകകൾ അവരവർ തന്നെ ഫൈനൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്രമപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015 മാർച്ച് 1 മുതൽ പരീക്ഷാ കണ്ടിൻജന്റ് ബില്ലുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഡയറക്ടറേറ്റിൽ ലഭ്യമാകുന്നതല്ല.

ആയതിനാൽ 2014 ഹയർ സെക്കണ്ടറി പരീക്ഷാ ബില്ലുകൾ ഇനിയും സമർപ്പിച്ചിട്ടില്ലാത്ത പ്രിൻസിപ്പാൾ/ചീഫ് സൂപ്രണ്ടുമാർ പ്രസ്തുത ബില്ലുകൾ **2015 ജനുവരി 31ന്** മുമ്പായി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. അപാകതകൾ കാരണം തിരിച്ചയച്ച മുൻവർഷങ്ങളിലെ ബില്ലുകളും അപാകതകൾ പരിഹരിച്ച് മേൽ തീയതിയ്ക്കുമുമ്പായി സമർപ്പിക്കേണ്ടതാണ്.

കണ്ടിൻജന്റ് ബില്ലുകളുടെ പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഡയറക്ടറേറ്റിലെ സെക്ഷനുകളെ 2015 ഫെബ്രുവരി അവസാനത്തോടുകൂടി മറ്റു ചുമതലകൾ ഏല്പിക്കുമെന്നതിനാൽ 2015 ജനുവരി 31ന് ശേഷം ലഭിക്കുന്ന ബില്ലുകൾ സ്വീകരിക്കുന്നതല്ല.

**ഒപ്പ്**
**ഡയറക്ടർ**